**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 679** **13-10-2026-ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ഒരുമനയൂർ സർവീസ് സഹകരണബാങ്ക് നിയമനത്തിലെ ക്രമക്കേടുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ സർവീസ് സഹകരണ ബാങ്ക് നിയമനത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതി വിധികൾ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ സർവ്വീസ് സഹകരണ ബാങ്കിലെ ഗോൾഡ് അപ്രൈസർ, സെയിൽസ് മാൻ, പ്യൂൺ തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീ.മുഹ്യദീൻ S/o കുഞ്ഞുമോൻ, പാണ്ടികശാല പറമ്പിൽ റംളാൻ ഹൗസ് കടപ്പുറം.പി.ഒ അഞ്ചങ്ങാടി എന്നയാൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 12423/2026 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ ബഹു.ഹൈക്കോടതി 27.03.2026 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവിൽ ബാങ്കിൽ നടത്തിയിട്ടുള്ള ഗോൾഡ് അപ്രൈസർ, സെയിൽസ് മാൻ, പ്യൂൺ തസ്തികകളിലെ നിയമനം ടി റിട്ട് പെറ്റീഷന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും എന്ന് പരാമർശിച്ചിട്ടുണ്ട്.

**(ബി)** കോടതി വിധിക്ക് വിരുദ്ധമായി ബാങ്കിൽ നിയമനം നടത്തുന്നതിനുള്ള ഭരണസമിതി തീരുമാനം നടപ്പിലാക്കുന്നതിന് വിസമ്മതിച്ച ഒരുമനയൂർ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറിക്കെതിരെ ഭരണസമിതി സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സെക്രട്ടറിയെ സസ്പെൻഡ് ചെയ്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സെക്രട്ടറിക്കെതിരെ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ നിയമം ചട്ടം 47 (ഡി) പ്രകാരം ഭരണസമിതിയുടെ മേൽനോട്ടത്തിലും നിർദ്ദേശങ്ങൾ പ്രകാരവും പ്രവർത്തിക്കേണ്ട സെക്രട്ടറി ആയതിന് വിരുദ്ധമായി സ്വന്തം ഇഷ്ടപ്രകാരവും സഹകരണ നിയമം ചട്ടം 193 ന് വിരുദ്ധമായും പ്രവർത്തിക്കുകയും ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ തന്നിൽ നിക്ഷിപ്തമായ അധികാരങ്ങൾ പ്രകാരം പ്രവർത്തിക്കാതെ ഭരണ സമിതിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഭരണസമിതിയുടെ അനുവാദം ഇല്ലാതെയും നിർദ്ദേശങ്ങൾ കൂടാതെയും ധിക്കാരപരമായി ബാങ്കിന്റെ ഉത്തമതാല്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച്, അച്ചടക്ക ലംഘനം നടത്തിയതായി പ്രഥമ ദൃഷ്ട്യാ വിലയിരുത്തിയതിനാൽ ടി വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ 21.08.2026 തീയ്യതിയിലെ 17-ാം നമ്പർ തീരുമാന പ്രകാരം 28.02.2026 മുതൽ സെക്രട്ടറിയെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**